# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 4, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1 (*1) സേവനാവകാശ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന സേവനാവകാശനിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൊതുജനങ്ങൾക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ സേവനം പ്രദാനം ചെയ്യുന്നതിനും സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിനും വേണ്ടിയാണ് പ്രസ്തുത നിയമം പാസ്സാക്കിയിട്ടുള്ളത്. ഈ നിയമത്തിന്റെ സെക്ഷൻ (3) അനുസരിച്ച്, വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ/സ്റ്റാറ്റ്യൂട്ടറി ബോഡികൾ/തദ്ദേശഭരണ സ്ഥാപന ങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി എന്നിവ സേവനാവകാശ നിയമം പ്രാബല്യത്തിൽ വന്ന

തീയതി മുതൽ 6 മാസത്തിനകം ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ടി നിയമത്തിലെ സെക്ഷൻ 4 പ്രകാരം ഇപ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് അർഹതയുള്ള ഓരോ ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ്. നിശ്ചിത സമയപരിധി ക്കുള്ളിൽ അപേക്ഷകന് സേവനം ലഭിച്ചില്ലെങ്കിൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ ഫയൽ ചെയ്യാവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥൻ, മതി യായതും യുക്തിസഹവുമായ കാരണമില്ലാതെ സേവനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയാൽ, രണ്ടാം അപ്പീൽ അധികാരിക്ക് രേഖാമൂലമുള്ള ഒരു ഉത്തരവ് വഴി, കാരണങ്ങൾ വിവരിച്ചുകൊണ്ട്, നിയുക്ത ഉദ്യോഗസ്ഥനുമേൽ താമസം വരുത്തിയ ഓരോ ദിവസത്തിനും ഒരു ദിവസ ത്തിന് ഇരുന്നൂറ്റി അൻപതു രൂപ നിരക്കിൽ അതിന്റെ ആകെ തുക അയ്യാ യിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമത്താവുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ തീരുമാനമെടുക്കുന്നതിൽ ഒന്നാം അപ്പീൽ അധികാരി വീഴ്ച വരുത്തിയെന്ന് രണ്ടാം അപ്പീൽ അധികാരി കണ്ടെത്തുന്ന പക്ഷം, അദ്ദേഹത്തിന്, ഒന്നാം അപ്പീൽ അധികാരിക്കുമേൽ അഞ്ഞൂറു രൂപ യിൽ കുറയാത്തതും അയ്യായിരം രൂപയിൽ കവിയാത്തതുമായ ഒരു പിഴ ചുമ ത്താവുന്നതാണ്. നിയുക്ത ഉദ്യോഗസ്ഥനോ, ഒന്നാം അപ്പീൽ അധികാരിയോ മതിയായ കാരണമില്ലാതെ, ഈ നിയമപ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കു ന്നതിൽ വീഴ്ച വരുത്തിയാൽ നിർദ്ദിഷ്ട ഓഫീസർക്കും ഒന്നാം അപ്പീൽ അധികാരിക്കുമെതിരെ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്യാനും വ്യവസ്ഥയുണ്ട്. ടി നിയമം പ്രാവർത്തികമാ ക്കുന്നതിലേയ്ക്ക് സെക്രട്ടറിതലത്തിലും വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്. കൂടാതെ 21-11-2012-ലെ

മന്ത്രിസഭാ യോഗ തീരുമാനപ്രകാരം, 2012 ഡിസംബർ 10-നുമുമ്പ് പ്രസ്തുത ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്ക് സത്വര നടപടികൾ സ്വീകരിക്കുന്നതിനായി, എല്ലാ വകുപ്പുകളോടും സ്ഥാപനങ്ങളോടും നിർദ്ദേശിക്കുകയും 20-12-2012-ലെ സർക്കുലർ പ്രകാരം ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പുപ്രകാരം അടിയന്തരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടമായി 29 വകുപ്പുകളിൽ സേവനാവകാശ നിയമം നോട്ടിഫൈ ചെയ്യുന്നതിനാണ് നിശ്ചയിച്ചിരിക്കുന്നത്. അതിൽ റവന്യൂ, ആഭ്യന്തര വകുപ്പുകൾ ഉൾപ്പെടെ 17 വകുപ്പുകളിൽ സേവനാവകാശ നിയമം നോട്ടിഫൈ ചെയ്തിട്ടുണ്ട്. ബാക്കി വകുപ്പുകളിൽ നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചുവരുന്നു. നിയമം നടപ്പിലാക്കിയതിനു ശേഷം നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി ആവശ്യമെങ്കിൽ നിയമത്തിൽ ഭേദഗതികൾ വരുത്തുന്നതിനും നിയമം പ്രായോഗികമാക്കുമ്പോൾ ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഇ-ഗവേണൻസ് നടപ്പിലാക്കിയശേഷം സേവനങ്ങൾ പൊതുജനങ്ങൾക്ക് ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തും. സെക്രട്ടേറിയറ്റിൽ ഹോം അറ്റസ്റ്റേഷൻ സെക്ഷനും ജി.എ.ഡി. ഫ്രീഡം ഫൈറ്റേഴ്സ് സെക്ഷനും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ നോട്ടിഫൈ ചെയ്തിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നതോടൊപ്പം ഇവ ഉൾപ്പെടുത്തി ഡയറക്ടറി പ്രസിദ്ധീകരിക്കുന്ന കാര്യം പരിഗണിക്കുന്ന

താണ്. ഈ രംഗത്ത് മാധ്യങ്ങൾ വഴിയും സാമൂഹ്യ സംഘടനകളുടെ നേതൃത്വത്തിലും നടത്തുന്ന ബോധവത്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. തിരുവനന്തപുരത്തെ ഫ്രണ്ട്സ് ജനസേവനകേന്ദ്രത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2(*2) <u>വിമൻസ് ഇൻവെസ്റ്റിഗേഷൻ ടീം</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി എ.ഡി.ജി.പി; ഡോ. ബി. സന്ധ്യ, ഐ.പി.എസ്, മേധാവിയായി വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (WIT) രൂപീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെടുന്ന പെൺവാണിഭം, ബലാത്സംഗം മുതലായ കുറ്റകൃത്യങ്ങളിൽ, പ്രമാദവും സർക്കാരോ സംസ്ഥാന പോലീസ് മേധാവിയോ ഏൽപ്പിക്കുന്നതുമായ കേസുകളുടെ അന്വേഷണവും തുടർനടപടികളും ഫലപ്രദവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. കേസന്വേഷണം ത്വരിതഗതിയിലും ഫലപ്രദവുമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും അത് പരിശോധിച്ച് അവലോകനം നടത്തി സംസ്ഥാന പോലീസ് മേധാവിക്കും സർക്കാരിനും റിപ്പോർട്ട് നൽകുന്നതിനും ഈ ടീമിന് അധികാരമുണ്ട്. കേസന്വേഷണത്തിന് മറ്റ് പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ടീം മേധാവിക്ക് ആവശ്യപ്പെടാവുന്നതാണ്. പോലീസ് സേനയിൽ ഘട്ടം ഘട്ടമായി വനിതാ പോലീസിന്റെ എണ്ണം

വർദ്ധിപ്പിക്കുന്നതിനും പോലീസ് സ്റ്റേഷനുകൾ വിമൻ ഫ്രണ്ട്ലിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്. കേസ് രജിസ്റ്റർ ചെയ്യുന്നതിന് വനിതാ പോലീസ് ഓഫീസർമാരുടെ കുറവ് തടസ്സമാകാതിരിക്കാനായി വിമൻ സിവിൽ പോലീസ് ഓഫീസർമാർക്ക് പ്രത്യേക അധികാരം നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ഒരു ഫാസ്റ്റ് ട്രാക്ക് കോടതി എറണാകുളത്ത് ആരംഭിച്ചിട്ടുണ്ട്. ആവശ്യകതയനുസരിച്ചും സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ടും പുതിയ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കുന്ന കാര്യം ആലോചിക്കുന്നതാണ്. ബംഗാളി പെൺകുട്ടി ആക്രമിക്കപ്പെട്ട കേസിൽ പ്രതികൾ ജാമ്യത്തിലാണെന്നും കേസിന്റെ വിസ്താരം തലശ്ശേരി കോടതിയിൽ തുടങ്ങുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

3(*3) <u>തീവ്രവാദ പ്രവർത്തനത്തെക്കുറിച്ചും വർഗ്ഗീയകലാപങ്ങളെക്കുറിച്ചും ഉള്ള അന്വേഷണങ്ങളിൽ വീഴ്ച</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, തീവ്രവാദ പ്രവർത്തനത്തെക്കുറിച്ചും വർഗ്ഗീയ കലാപങ്ങളെക്കുറിച്ചുമുള്ള അന്വേഷണങ്ങളിൽ വീഴ്ച വരുത്തുന്നത് വൻ പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തതിനാൽ കാസർഗോഡ് പോലീസ് വെടിവയ്പ് സംബന്ധിച്ച് അന്വേഷിക്കാൻ നിയോഗിച്ചിരുന്ന ശ്രീ. എം. എ. നിസാർ കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നാദാപുരത്തെ ബോംബ് സ്ഫോടനം

സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. 26 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മാറാട് കലാപത്തിനു പിന്നിലെ ഗൂഢാലോചന സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം വേണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ നിരസിച്ച സാഹചര്യത്തിൽ ക്രൈംസ് വിഭാഗം പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ മേൽനോട്ടത്തിൽ ഒരു പ്രത്യേക അന്വേഷണസംഘം അന്വേഷണം നടത്തുകയാണ്. നെടുമ്പാശ്ശേരി വിമാനത്താവളം വഴിയുള്ള മനുഷ്യക്കടത്ത് സംബന്ധിച്ചും കൊച്ചി മുസിരിസ് ബിനാലെ സംബന്ധിച്ചും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

4 (*4) <u>ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ ശുപാർശ</u>

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, ജസ്റ്റിസ് എം. രാജേന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് 10-01-2013-ന് ലഭിച്ചുവെന്നും ഇത് പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നും സഭയെ അറിയിച്ചു. കള്ള് ഷാപ്പുകൾ വഴി ശുദ്ധമായ കള്ള് വിൽക്കുക, കള്ളുചെത്ത് തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ കാസർകോഡ്, കോഴിക്കോട്, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലായി 19 കള്ളുചെത്തു തൊഴിലാളി സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നുവെങ്കിലും ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ അവ പൂർണ്ണമായും പരാജയപ്പെട്ടുവെന്ന് ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സഹകരണ സംഘങ്ങളെ കള്ളുഷാപ്പ് നടത്തിപ്പിൽ നിന്നും ഒഴിവാക്കിയതെന്ന് മന്ത്രി തുടർന്നറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 5 മുതൽ 30 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 354 വരെയുള്ള ചോദ്യങ്ങളിൽ 101 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)